## പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2993 — 22.06.2012 ൽ മറുപടിയ്ക്ക്

## വളം സബ്സിഡി തുടർന്ന് നൽകുന്നതിന് നടപടി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. തോമസ് ചാണ്ടി | ശ്രീ. കെ.പി. മോഹനൻ<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) നെൽകർഷകരെ പ്രതിസന്ധിയിലാക്കി രാസവളങ്ങൾക്ക് വില വർദ്ധിക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) യൂറിയ, പൊട്ടാഷ്, ഫാക്ടംഫോസ് രാസവളങ്ങൾക്ക് കഴിഞ്ഞ വർഷത്തേക്കാളും എത്ര ശതമാനം വില വർദ്ധിച്ചുവെന്ന് വ്യക്തമാക്കുമോ; | (ബി) യൂറിയയുടെ വില 1.6.2011-ൽ ഒരു ടണ്ണിന് 5524.524 ഉം മൂല്യ വർദ്ധിത നികുതി ഒഴിവാക്കിയതിനെ തുടർന്ന് വില ഒരു ടണ്ണിന് 5310 ആയി കുറയുകയും ചെയ്തു. നിലവിൽ യൂറിയയുടെ ഒരു ടണ്ണിന്റെ മൊത്ത ചില്ലറ വില 5362.63 രൂപയാണ്. പൊട്ടാഷിന് കഴിഞ്ഞ വർഷത്തേക്കാളും 34 ശതമാനവും ഫാക്ടം ഫോസിന് 68 ശതമാനവും വില വർദ്ധിച്ചു. |
| (സി) നെൽകർഷകർക്കു ലഭിച്ചുകൊണ്ടിരിക്കുന്ന വളം സബ്സിഡി തുടർന്നും നൽകുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) ഉൽപ്പാദനോപാധികളിൽ ഉൾപ്പെടുത്തി വളത്തിന് നെൽകർഷകർക്ക് തുടർന്നും സബ്സിഡി നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ